പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 6467

21/11/2019-ൽ
മറുപടിയ്ക്ക്

**സുരക്ഷിതമല്ലാത്ത സ്കൂളുകളിൽ അറ്റകുറ്റപ്പണികൾ**

**ചോദ്യം**
**ശ്രീ.ഷാഫി പറമ്പിൽ**

**മറുപടി**
**പ്രൊഫ.സി.രവീന്ദ്രനാഥ്**
**(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്ത് നിലവിൽ സുരക്ഷിതമല്ലാത്ത സ്കൂളുകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(എ) സംസ്ഥാനത്ത് ഭാഗികമായി സുരക്ഷിതമല്ലാത്ത 8 സ്കൂളുകൾ നിലവിൽ കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ രേഖപ്പെടുത്തിയിരിക്കുന്നു.

| | ജില്ല | സ്കൂളിന്റെ പേര് |
|---|---|---|
| 1 | തിരുവനന്തപുരം | ഗവ.എൽ.പി.ജി.എസ് പെരുങ്കടവിള |
| 2 | പത്തനംതിട്ട | 1. ഗവ.യു.പി.എസ് നിരണം<br>2. ഗവ.എൽ.പി.എസ് കുന്നം |
| 3 | ആലപ്പുഴ | പി.കെ.എം.എം. എൽ.പി.എസ് എലിപ്പക്കുളം |
| 4 | പാലക്കാട് | ഗവ.എൽ.പി.എസ് പട്ടിത്തറ |
| 5 | മലപ്പുറം | എ.എം.യു.പി.എസ് പൂവ്വത്താണി |
| 6 | കോഴിക്കോട് | 1. പൂവ്വാട്ട് പറമ്പിൽ എ.എൽ.പി.എസ്<br>2. എം.എൽ.പി.എസ് മണിയൂർ |

(ബി) ഇതിൽ സർക്കാർ സ്കൂളുകൾ എത്രയാണ്; ഇത്തരം സ്കൂളുകൾക്ക് ഈ വർഷം ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്നും വെളിപ്പെടുത്താമോ;

(ബി) ഇതിൽ 4 എണ്ണം സർക്കാർ സ്കൂളുകളാണ്. ഇവയിൽ ഗവ.എൽ.പി.ജി.എസ് പെരുങ്കടവിള (തിരുവനന്തപുരം ജില്ല), ഗവ.എൽ.പി.എസ് കുന്നം (പത്തനംതിട്ട ജില്ല) എന്നീ സ്കൂളുകളുടെ അറ്റകുറ്റപണികൾ ഉടൻ പൂർത്തിയാക്കുമെന്ന പഞ്ചായത്തിന്റെ ഉറപ്പിന്മേൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. എന്നാൽ ഗവ.യു.പി.എസ് നിരണം, മുകളടി (പത്തനംതിട്ട ജില്ല), ഗവ.എൽ.പി.എസ് പട്ടിത്തറ (പാലക്കാട് ജില്ല) എന്നീ സർക്കാർ സ്കൂളുകളുടേയും പി.കെ.എം.എം. എൽ.പി.എസ് എലിപ്പക്കുളം (ആലപ്പുഴ ജില്ല), എ.എം.യു.പി.എസ് പൂവ്വത്താണി (മലപ്പുറം ജില്ല), പൂവ്വാട്ട് പറമ്പിൽ എ.എൽ.പി.എസ് (കോഴിക്കോട് ജില്ല),

| | |
|---|---|
| | എം.എൽ.പി.എസ് മണിയൂർ (കോഴിക്കോട് ജില്ല) എന്നീ എയ്ഡഡ് സ്കൂളുകളുടേയും അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടില്ല . ആയതിനാൽ ഇവയ്ക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. |
| (സി) സുരക്ഷിതമല്ലാത്ത സ്കൂളുകളിൽ അപകടസാധ്യത കൂടുതലായതിനാൽ ഇത്തരം സ്കൂളുകളിൽ അടിയന്തരമായി അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (സി) ഓരോ വർഷവും സ്കൂളുകളിൽ ഉണ്ടാകുന്ന അറ്റകുറ്റപണികൾ പൂർത്തീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഓരോ അദ്ധ്യയന വർഷാരംഭത്തിലും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എഞ്ചിനീയർമാർ പരിശോധിച്ച് സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകണമെന്ന് നിർദ്ദേശവും നൽകിയിട്ടുണ്ട്. |

Namitha P

**സെക്ഷൻ ഓഫീസർ**